## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6275 — 11.7.2012 ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച ധനസഹായത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട് ; | (എ) | ചോദ്യത്തിൽ കാലയളവ് സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധന സഹായത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാൻ കഴിയില്ല. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതു വരെ എത്ര രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സമാഹരിച്ചിട്ടുണ്ട് ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന കളിലൂടെ ആകെ 1,22,65,518/- രൂപ (ഒരു കോടി ഇരുപത്തി രണ്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി അഞ്ഞൂറ്റി പതിനെട്ട് രൂപ മാത്രം) സമാഹരിച്ചിട്ടുണ്ട്. |
| (സി) | ഇങ്ങനെ സമാഹരിക്കുന്നതിനായി എത്ര രൂപ പരസ്യയിത്തിലും മറ്റുമായി ചെലവഴിച്ചിട്ടുണ്ട്; | (സി) | 12 ലക്ഷം രൂപ ഇതു വരെ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പരസ്യങ്ങളിൽ അഭിനയിച്ച സിനിമാതാരങ്ങൾ ഇതിലേയ്ക്കായി പ്രതിഫലം കൈപ്പറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഡി) | ആരും പ്രതിഫലം വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ